രൂപയുമാകയാൽ അധികരിച്ച തുകയ്ക്കുള്ള എസ്റ്റിമേറ്റ് അംഗീകാരം ലഭ്യമാക്കേണ്ടതുള്ളതിനാലും അംഗീകരിച്ച പ്രോജക്ട് അടങ്കലിനെ അധികരിച്ച് വേണ്ടിവന്നിട്ടുള്ള തുക കണ്ടെത്തേണ്ടതുള്ളതിനാലും അടുത്ത് നടക്കുന്ന എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പാത്തന്നൂർ മണ്ഡലത്തിലെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ

153 (6858) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ മൈലക്കാട്, ആലുംകടവ് ഭാഗങ്ങളിലെ പഴയപൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്നും എന്തുതുക ഈ ആവശ്യത്തിലേക്കായി അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത് ; നാളിതുവരെയുള്ള പ്രവർത്തനപുരോഗതി അറിയിക്കുമോ ;

(സി) അവശേഷിക്കുന്ന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ മൈലക്കാട്, ആലുംകടവ് ഭാഗങ്ങളിലെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 11-10-2013-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തികൾ 31-3-2014-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തികൾ മൂന്ന് റീച്ചുകളായിട്ടാണ് നിശ്ചയിച്ചിരുന്നത്. രണ്ട് റീച്ചുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗത്തിൽ നിന്നും 'Berm cutting -നുള്ള അനുമതി വൈകിയതിനാൽ മൂന്നാമത്തെ റീച്ചിന്റെ പണികൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്.

2014 ജൂലൈ 31-ന് പണികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡാമുകളിൽനിന്ന് എക്കൽ നീക്കം ചെയ്യുന്നതിന് നടപടി

154 (6859) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ കേരളത്തിൽ എത്ര ഡാമുകളാണ് ഉള്ളത് ; അവ ഏതൊക്കെ ;

LIBRARY ARCHIVES Kerala Legislative Assembly